പതിമൂന്നാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2599

20.6.2013 ലെ മറുപടിക്ക്

## പഞ്ചായത്ത് സ്കൂളുകളിലെ സേവനവേതന വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തിട്ടും അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്താത്തതിന്റെ കാരണം എന്താണ് ; | (എ) | സംസ്ഥാനത്തെ പഞ്ചായത്ത് സ്കൂളുകളിലെ സേവനവ്യവസ്ഥകൾ സംബന്ധിച്ച മാനദണ്ഡങ്ങൾ അംഗീകരിച്ച് 20.1.2012 ലെ ജി.ഒ(എം.എസ്)20/12/പൊവിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിൽ പ്രായോഗികമായ ചില വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിന് സർക്കാർ താത്ക്കാലിക തീരുമാനമെടുക്കുകയും പി.എസ്.സി യുടെ സമ്മതം തേടിയിരിക്കുകയുമാണ്. കൂടാതെ പഞ്ചായത്ത് സ്കൂൾ അദ്ധ്യാപകരെ ജനറൽ പ്രോവിഡന്റ് ഫണ്ടിലേക്ക് എൻറോൾ ചെയ്തുകൊണ്ട് 9.11.2012 ലെ ജി.ഒ(എം.എസ്) 618/12/ഫിൻ പ്രകാരവും ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സർക്കാർ സ്കൂളുകളിലേതു പോലെ ആക്കാത്തതിനാൽ പി.എസ്.സി വഴിയുള്ള സ്ഥിരം അദ്ധ്യാപകർ പഞ്ചായത്ത് സ്കൂളുകളിൽ എത്താത്ത സ്ഥിതി | (ബി) | പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥിരം നിയമനങ്ങൾ പി.എസ്.സി മുഖേന തന്നെയാണ് നടത്തിവരുന്നത്. നിലവിലുള്ള അദ്ധ്യാപകരിൽ പി.എസ്.സി മുഖേന വന്നവരും എംപ്ളോയ്മെന്റ് വഴി |

| | |
|---|---|
| വിശേഷം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | വന്നവരും, പഞ്ചായത്ത് നേരിട്ട നിയമിച്ചവരും ഉൾപ്പെടുന്നതിനാൽ അവരുടെ സീനിയോറിറ്റി തിട്ടപ്പെടുത്തുന്നതിൽ വരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് ജി.ഒ(പി)20/12/പൊവിവ പ്രകാരമുള്ള മാനദണ്ഡങ്ങൾ പി.എസ്.സി യുടെ സമ്മതത്തോടെ രൂപീകരിച്ചിട്ടുള്ളത്. അതനുസരിച്ച് കോമൺപൂളിനകത്തുള്ള ഒഴിവുകളിലേക്ക് ട്രാൻസ്ഫറിനോ പ്രോമോഷനോ കോമൺപൂൾ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവർ ഇല്ലെങ്കിൽ പി.എസ്.സി മുഖേനയുള്ളവർക്ക് പരിഗണന ലഭിക്കുന്നതാണ്. കോമൺപൂളിനു പുറത്തുള്ള സർക്കാർ സർവ്വീസിലേക്ക് പി.എസ്.സി മുഖേന നിയമിക്കപ്പെട്ടവർക്ക് മാത്രമാണ് അർഹത. |
| (സി) സർക്കാർ സ്കൂളുകളുടെ പരിഗണന പഞ്ചായത്ത് സ്കൂളുകൾക്കും ലഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | (സി) പഞ്ചായത്ത് സ്കൂളുകൾ സർക്കാർ സ്കൂളുകളായി തന്നെയാണ് പരിഗണിക്കപ്പെടുന്നത്. പഞ്ചായത്ത് സ്കൂൾ ജീവനക്കാരുടെ ശമ്പളം എയ്ഡഡ് ശീർഷകത്തിൽ നിന്നും സർക്കാർ അദ്ധ്യാപകരുടെ ശീർഷകത്തിലേക്ക് മാറ്റുന്നതു സംബന്ധിച്ചും മറ്റുമുള്ള വിഷയങ്ങൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻഓഫീസർ